പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 35

2026-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

©

കേരളനിയമസഭ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 35

2026-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ : 35

2026-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2026-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2021 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിലെ (2003-ലെ 29) 4-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിലെ ഉപഖണ്ഡം (ബി), കുറിപ്പ് (i) എന്നിവയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡവും കുറിപ്പും ചേർക്കേണ്ടതാണ്, അതായത്:—

"(ബി) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ നിരക്കിൽ കുറച്ചു കൊണ്ട് 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3.5 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്.

കുറിപ്പ്.—(i) 2021-2022 സാമ്പത്തിക വർഷത്തിൽ മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2021-2022 മുതൽ 2025-2026 വരെയുള്ള കാലയളവിൽ ഊർജ്ജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് മേൽ പരാമർശിച്ച ധനക്കമ്മിയുടെ ഉയർന്ന പരിധി." .

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ധന ഏകീകരണ റോഡ് മാപ്പിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ സുസ്ഥിരത ഉറപ്പാക്കുന്നതിന് റവന്യൂ കമ്മി ഘട്ടം ഘട്ടമായി ഇല്ലാതാക്കുകയും കടബാധ്യത സുസ്ഥിരമായി കൈകാര്യം ചെയ്യുകയും ചെയ്യുന്നതിലൂടെ ധനകാര്യ അച്ചടക്കവും സുസ്ഥിരതയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കിയതാണ് 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് (The Kerala Fiscal Responsibility Act, 2003). ഊർജ്ജ മേഖലയിലെ സംസ്ഥാനത്തിന്റെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 2021-2022 മുതൽ 2024-2025 വരെയുള്ള കാലയളവിൽ അനുവദിച്ചിരുന്ന മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 0.5 ശതമാനം വരെയുള്ള അധിക വായ്പാ സൗകര്യം 2025-2026 സാമ്പത്തിക വർഷത്തേക്കും കേന്ദ്രസർക്കാർ ദീർഘിപ്പിച്ച് അനുവദിച്ച സാഹചര്യത്തിൽ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിന് ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഈ ബില്ലിലെ ഭേദഗതി വ്യവസ്ഥ ബാധകമാക്കിയിരിക്കുന്നത് 2021 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31-ന് അവസാനിച്ചിട്ടുള്ള കാലയളവിലേക്കാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം അംഗീകരിക്കപ്പെട്ട ധനക്കമ്മി പരിധികളുമായി നിയമപരമായ വ്യവസ്ഥയെ മുൻകാല പ്രാബല്യത്തോടെ പൊരുത്തപ്പെടുത്തുക എന്ന ഉദ്ദേശത്തോടെയാണ് ഭേദഗതിക്ക് 2021 ഏപ്രിൽ 1 മുതൽ പ്രാബല്യം നൽകിയിട്ടുള്ളത്.

ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി.ഡി. സതീശൻ.

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ(2003-ലെ 29-ാം ആക്ട്)

** ** ** **

4. ധനസംബന്ധമായ നിർവ്വഹണ തത്വങ്ങൾ—(1) സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നുകൊണ്ട് റവന്യൂകമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ വ്യവസ്ഥയുടെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, 2021-2022 മുതൽ 2025-2026 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതും;

(എ) 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം,0.8 ശതമാനം,1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്നീ ക്രമത്തിൽ റവന്യൂ മിച്ചം വർദ്ധിപ്പിക്കേണ്ടതും ധനക്കമ്മി പരിധിയ്ക്കുള്ളിൽ ലക്ഷ്യമാക്കുന്ന വായ്പാതുക പൂർണ്ണമായും ആസ്തി വികസനത്തിനായി ചെലവഴിക്കേണ്ടതുമാണ്.

(ബി) 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2025-2026-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്

കുറിപ്പ്. —(i) മൂലധന ചെലവിനത്തിലധിഷ്ഠിതമായ 0.5 ശതമാനം വായ്പയും 2021-2022 മുതൽ 2024-2025 വരെയുള്ള കാലയളവിൽ ഊർജ്ജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പാ പരിധിയായ 0.5 ശതമാനവും ഉൾപ്പെടുന്നതാണ് മേൽ പരാമർശിച്ച ധനക്കമ്മിയുടെ ഉയർന്ന പരിധി.

(ii) സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള മൂലധന ചെലവിനത്തിലെ ലക്ഷ്യങ്ങൾ സംസ്ഥാനം കൈവരിക്കുന്ന പക്ഷം മൂലധന ചെലവിനത്തിലധിഷ്ഠിതമായ വായ്പയെടുക്കുവാൻ സംസ്ഥാനം അർഹമാകുന്നതാണ്. ഊർജ്ജ മേഖലയിലെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയുള്ള അധികവായ്പയ്ക്ക് അർഹമാകുന്നതിന് സംസ്ഥാനം

ഓരോ വർഷത്തേക്കും നിഷ്കർഷിച്ചിട്ടുള്ള പ്രാധമിക തലത്തിലുള്ള എല്ലാ വ്യവസ്ഥകളും പ്രവർത്തനമികവ് വിലയിരുത്തൽ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(iii) ധനകാര്യ കമ്മിഷൻ അവാർഡ് കാലയളവിന്റെ ആദ്യ നാലു വർഷങ്ങളിൽ (2021-2022 മുതൽ 2024-2025 വരെ) ഏതെങ്കിലും പ്രത്യേക വർഷത്തിൽ, അനുവദിച്ച വായ്പാപരിധി (ഊർജ്ജ മേഖലയിലെ വായ്പ ഒഴികെ) പൂർണ്ണമായും വിനിയോഗിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ലെങ്കിൽ, ഉപയോഗിക്കാത്ത വായ്പ തുക ധനകാര്യ കമ്മിഷൻ അവാർഡ് കാലയളവിനുള്ളിൽ തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണ്.

** ** ** **